# മൂന്നാം സമ്മേളനം

## 2016 നവംബർ 22, ചൊവ്വ

## ശ്രീ. ഒ. രാജഗോപാൽ നൽകിയ ഭേദഗതി നോട്ടീസ് പിൻവലിക്കുന്നത് സംബന്ധിച്ച്

2016 നവംബർ 22-ാം തീയതി ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം പാസ്സാക്കിയതിനുശേഷം ചട്ടം 275 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷനിലെ ഓപ്പറേറ്റീവ് പാർട്ടായ മൂന്നാമത്തെ ഖണ്ഡിക പൂർണ്ണമായി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഒ. രാജഗോപാൽ നെഗറ്റീവ് വോട്ടിന്റെ രൂപത്തിൽ നൽകിയ നോട്ടീസ് ചട്ടപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ക്രമപ്രശ്നം ഉന്നയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ചട്ടം 278(2) പ്രകാരം നിഷേധവോട്ടിന്റെ ഫലം മാത്രമുള്ള ഭേദഗതികൾ അവതരിപ്പിക്കാൻ പാടില്ലാത്തതിനാൽ ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിലെ ഓപ്പറേറ്റീവ് പാർട്ട് പൂർണ്ണമായും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ ഭേദഗതി അവതരിപ്പിക്കാൻ നിർവ്വാഹമില്ല"

---

* XIV KLA/III Session Vol.164 Report No. 1 dated 22-11-2016